# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.92/PR/PIC/PHQ/18 Date : 17.04.2018

## പായ്ക്ക്ചെയ്ത ഭക്ഷ്യവസ്തുക്കളുടെ കാലാവധി കഴിഞ്ഞശേഷമുള്ള വിൽപന : പരിശോധന കർശനമാക്കാൻ നിർദ്ദേശം

പായ്ക്ക് ചെയ്ത ഭക്ഷ്യവസ്തുക്കളും മറ്റും കാലാവധി കഴിഞ്ഞശേഷം സംസ്ഥാനത്ത് വിൽപ്പന നടത്തുന്നത് കണ്ടെത്തി തടയാൻ പരിശോധനയും നിയമനടപടികളും ശക്തമാക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ നിർദ്ദേശം നൽകി. ജില്ലാ ക്രൈം ബ്രാഞ്ച് മുഖേന ഇത് സംബന്ധിച്ച പരിശോധന നടത്തണം. കുട്ടികൾക്കുള്ള ഭക്ഷ്യ വസ്തുക്കൾ ഉൾപ്പെടെ പായ്ക്ക് ചെയ്ത ഭക്ഷ്യവസ്തുക്കൾ കാലാവധി കഴിഞ്ഞശേഷം പുതിയ തീയതി രേഖപ്പെടുത്തി വിറ്റത് സംബന്ധിച്ച് പനങ്ങാട് പോലീസ് കേസ് രജിസ്റ്റർ ചെയ്ത സാഹചര്യത്തിലാണ് സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശം. കൊച്ചി സിറ്റി പോലീസ് കമ്മീഷണറുമായി ബന്ധപ്പെട്ട് വിശദാംശങ്ങൾ മനസ്സിലാക്കി ഇതു സംബന്ധിച്ച പരിശോധന എല്ലാ ജില്ലകളിലും നടത്തണം. വ്യാപാരികൾക്കും ഉപഭോക്താക്കൾക്കും ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിലായിരിക്കണം ഇത്തരം പരിശോധനകൾ നടത്തേണ്ടതെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകി.

*******